**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **03-08-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്നറിയിക്കുമോ; | (എ) | 98,027 ഗുണഭോക്താക്കൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചത് എന്നാണെന്നും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പദ്ധതിയിൽ പുതുതായി ചേർന്നവരുടെ എണ്ണവും അറിയിക്കുമോ; | (ബി) | 2010 ലാണ് പദ്ധതി ആരംഭിച്ചത്. 2016-21 കാലയളവിൽ പദ്ധതിയിൽ ചേർന്നവർ - 60633 (2011 മുതൽ 2016 വരെ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിയ്ക്കാതെ വച്ചിരുന്ന 23804 അപേക്ഷകൾ ഇതിലുൾപ്പെടും) 2018 ഏപ്രിൽ മുതൽ 2021 മെയ് വരെ 49424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിനായി പുതുതായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നറിയിക്കാമോ; | (സി) | 2010 ലാണ് പദ്ധതി ആരംഭിച്ചത്. 2016-21 കാലയളവിൽ പദ്ധതിയിൽ ചേർന്നവർ - 60633 (2011 മുതൽ 2016 വരെ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിയ്ക്കാതെ വച്ചിരുന്ന 23804 അപേക്ഷകൾ ഇതിലുൾപ്പെടും) 2018 ഏപ്രിൽ മുതൽ 2021 മെയ് വരെ 49424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായധന വിതരണം നിലച്ചിരിക്കുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നറിയിക്കാമോ; | (ഡി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകി വരുന്നുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്. |
| (ഇ) | പ്രസ്തുത കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകി വരുന്നുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ